പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3810 17.12.2015-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി ബസ്സുകൾ

ചോദ്യം

ശ്രീ. സി. ദിവാകരൻ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ബസ്സുകൾ ബ്രേക്ക് ഡൗണാകുന്നത് മൂലം യാത്രക്കാർക്കുണ്ടാകുന്ന ദുരിതം പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ? | (എ) | കെ.എസ്.ആർ.ടി.സി ബസുകൾ ബ്രേക്ക് ഡൗൺ ആകുമ്പോൾ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ മറ്റു ബസുകളിൽ യാത്ര ചെയ്യുന്നതിനുള്ള സംവിധാനം ഉടനടി സ്വീകരിക്കാറുണ്ട്. ടയർ പഞ്ചർമൂലമുണ്ടാകുന്ന ബ്രേക്ക് ഡൗണുകൾ അറ്റൻഡ് ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി സമീപത്തുള്ള സ്വകാര്യ സ്ഥാപനങ്ങളെ കൂടി ആശ്രയിച്ച് എത്രയും വേഗം വാഹനം റെഡിയാക്കി യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ബസുകൾക്ക് ബ്രേക്ക്ഡൗൺ, ആക്സിഡന്റ് എന്നിവ മൂലം സർവ്വീസ് തുടരുവാൻ കഴിയാതെ വന്നാൽ പ്രസ്തുത റൂട്ടിലൂടെ കെ.എസ്.ആർ.ടി.സി.യുടെ ഏതെങ്കിലും ബസുകൾ അടുത്ത അരമണിക്കൂറിനകം വരാനില്ലെങ്കിൽ തുടർന്നുള്ള യാത്രാക്കൂലി യാത്രക്കാർക്ക് മടക്കി നൽകുന്നുണ്ട്. റീഫണ്ട് ചെയ്യുമ്പോൾ അതുവരെ യാത്ര ചെയ്ത യാത്രാക്കൂലി ഈടാക്കി ബാക്കി തുക നൽകുന്നതിന് പകരം യാത്രക്കാരൻ ടിക്കറ്റ് എടുത്ത സ്ഥലത്തേക്ക് അതേ തരം ബസിൽ യാത്ര ചെയ്യുന്നതിന് ആവശ്യമായ തുകയാണ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ